പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. ***89** 12.12.2012-ലെ മറുപടിക്ക്

<u>രാസവസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എം. ഷാജി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) അജിനോമോട്ടോ പോലുള്ള ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ പായ്ക്കറ്റുകളിലും അല്ലാതെയും വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) 2006 -ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമപ്രകാരം ഉണ്ടാക്കിയ 2011 -ലെ ഭക്ഷ്യ സുരക്ഷാ നിലവാര റെഗുലേഷനിൽ Table 10(H) പ്രകാരം good manufacturing practice അനുസരിച്ച് അജിനോമോട്ടോ താഴെ പറയുന്ന ഭക്ഷണ പദാർത്ഥങ്ങളിൽ ചേർക്കുവാൻ അനുവദിച്ചിട്ടുണ്ട്.<br>Culinary paste/other sources, soup powder, fruit powder, vegetable powder, instant fruit/vegetable, chutney mixed dry, culinary powder, seasoning mixed powder. |
| ബി) മയക്കുമരുന്നുകൾ ചേർത്ത മധുരപലഹാരങ്ങൾ വ്യാപകമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) ബദാം മിക്സ്, ഗ്ലൂക്കോസ്, ഐസ്ക്രീം പൗഡർ എന്നീ പേരുകളിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ വില്പന നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | സി) ബദാം മിക്സ്, ഗ്ലൂക്കോസ്, ഐസ്ക്രീം പൗഡർ എന്നീ പേരുകളിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

ഡി) ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നത് പരിശോധിക്കാൻ ലാബോറട്ടറി സൗകര്യങ്ങൾ എവിടെയെല്ലാം ലഭ്യമാണെന്ന് വിശദമാക്കുമോ ?

ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ഫുഡ് അനലിസ്റ്റ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ശബരിമലയുടെ പ്രത്യേക ആവശ്യത്തിന് വേണ്ടി പത്തനംതിട്ടയിലും ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിച്ചു വരുന്നു. എന്നാൽ ടി ലാബുകൾ NABL അക്രഡിറ്റേഷൻ നേടിയിട്ടില്ല. അക്രഡിറ്റേഷൻ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കൂടാതെ മൈക്രോ ബയോളജി സംവിധാനവും ടി ലാബുകളിൽ ലഭ്യമല്ലാത്തതിനാൽ നിലവിൽ ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ കോന്നിയിൽ സ്ഥിതി ചെയ്യുന്ന CFRD ലാബിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്.

സെക്ഷൻ ഓഫീസർ